**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1647** **19-01-2021 - ൽ മറുപടിയ്ക്ക്**

**തദ്ദേശഭരണസ്ഥാപനങ്ങളിൽ ദുരന്തനിവാരണ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ .എൻ .എ. ഖാദർ ,<br>ശ്രീ. എൻ . ഷംസുദീൻ ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. പി . ഉബൈദുള്ള | | Shri A. C. Moideen<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| (എ) | കാലാവസ്ഥ വ്യതിയാനവും പ്രകൃതിവിഭവവിനിയോഗത്തിലെ അശാസ്ത്രീയതകളും കൊണ്ട് മനുഷ്യർ സൃഷ്ടിച്ച ദുരന്തസാഹചര്യങ്ങൾ കണക്കിലെടുത്ത് പ്രകൃതിദുരന്തങ്ങളെ അതിജീവിക്കുവാനും പ്രതിരോധിക്കുവാനും കഴിയുന്ന തരത്തിൽ പ്രാദേശികവികസന പ്രവർത്തനങ്ങൾ നടത്തേണ്ടത് അനിവാര്യമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇതിനനുസൃതമായി ദുരന്തനിവാരണപദ്ധതികൾ തയ്യാറാക്കുന്നതിനും അവ തദ്ദേശഭരണസ്ഥാപനങ്ങളുടെ വാർഷികപദ്ധതികളിൽ ഉൾപ്പെടുത്തുന്നതിനും എന്തെങ്കിലും നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | ദുരന്തനിവാരണം, തയ്യാറെടുപ്പ്, ദുരന്ത മാനേജ് മെന്റ് എന്നീ മേഖലകളിൽ ജനകീയ പങ്കാളിത്തവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വപരമായ ഇടപെടലും ഉറപ്പാക്കി പ്രാദേശികമായി ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത്, തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ദുരന്ത നിവാരണ പദ്ധതികൾ വാർഷിക പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകിയിരുന്നു. ഇത് പ്രകാരം എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും 2020-21 വാർഷിക പദ്ധതിക്കൊപ്പം ദുരന്ത മാനേജ് മെന്റ് പ്ലാനുകൾക്കും രൂപം നൽകിയിരുന്നു. ദുരന്ത മാനേജ് മെന്റ് പ്ലാൻ മുന്നോട്ടുവയ്ക്കുന്ന ദുരന്ത പ്രതിരോധത്തിനും ദുരന്തങ്ങളുടെ ആഘാതം കുറയ്ക്കുന്നതിനുമുള്ള പ്രോജക്ട് നിർദ്ദേശങ്ങളിൽ നിന്ന് ഏറ്റവും പ്രധാനപ്പെട്ടവ 2021-22 വാർഷിക പദ്ധതിയുടെ ഭാഗമാക്കണമെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ